**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 984**
**11.7.2011 - ൽ മറുപടിയ്ക്ക്**

<u>വനിതാ സഹകരണ സംഘങ്ങൾക്ക് സഹായം</u>

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗ്രാമീണ മേഖലയിൽ ഉയർന്നു വരുന്ന വനിതാ സഹകരണ സംഘങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം പ്രാദേശിക കൂട്ടായ്മകളെ ഏത് തരത്തിലാണ് സഹായിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | വനിതാ സഹകരണ സംഘങ്ങൾക്ക് സംസ്ഥാന പദ്ധതിയിൽ നിന്നും സർക്കാർ ഓഹരി മൂലധനം, പ്രവർത്തന മൂലധന ഗ്രാന്റ് എന്നീ ഇനങ്ങളിൽ ധനസഹായം നൽകിവരുന്നു. കൂടാതെ വനിതാ സഹകരണ സംഘങ്ങളുടെ കീഴിലുള്ള സ്വാശ്രയസംഘങ്ങൾക്ക് സർക്കാർ ഓഹരി മൂലധനം, സബ്സിഡി എന്നിവ അനുവദിയ്ക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിലേയ്ക്കായി പ്രവർത്തന പരിധിയിൽ നിന്നും സർക്കാർ ഇളവ് നൽകിയിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വനിതാ |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങളിലെ ഭരണ സമിതി അംഗങ്ങളുടെ ഒരു ഏകദിന വർക്ക്ഷോപ്പ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വനിത സഹകരണ സംഘങ്ങൾക്ക് ആഡിറ്റ് ഫീസ് പകുതിയായി കുറച്ചിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ ത്രൈമാസ യോഗം വിളിച്ചു കൂട്ടുന്നതിനും ഓരോമാസവും 3 വനിതാ സഹകരണ സംഘങ്ങൾ സന്ദർശിച്ചു പരിശോധന നടത്തുന്നതിനും വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സർക്കാർ ഷെയർ ഇനത്തിലും ഇവർ ആരംഭിക്കുന്ന പ്രോജക്ടുകളിൽ സർക്കാർ സഹായമായും ഈ വർഷം എത്ര തുക വനിതാ സഹകരണ സംഘങ്ങൾക്ക് ലഭ്യമാക്കും? | (സി) | 2011 -12 വർഷത്തെ നിലവിലുള്ള സംസ്ഥാന ബഡ്ജറ്റിൽ വനിത സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഓഹരി ഇനത്തിൽ 200 ലക്ഷം രൂപയും, സബ്സിഡിയിനത്തിൽ 300 ലക്ഷം രൂപയും വകവരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ